പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4872 14/11/2019 ൽ മറുപടിയ്ക്ക്

സ്കൂൾകലാമേളകളുടെ നടത്തിപ്പ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ. ഷംസുദ്ദീൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) ഈ വർഷത്തെ സംസ്ഥാന സ്കൂൾ കലോൽസവം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; | (എ) ഉണ്ട്. ഈ വർഷത്തെ സംസ്ഥാന സ്കൂൾ കലോൽസവം കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാന സ്കൂൾ കലോൽസവത്തിലെ ജഡ്ജിമാരെ നിയമിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ; | (ബി) പരിചയ സമ്പന്നരും അതാത് ഇനങ്ങളിൽ അക്കാദമിക് യോഗ്യതയുള്ളവരുമായ വിധികർത്താക്കളിൽ നിന്നും തെരഞ്ഞെടുക്കുന്നു. |
| (സി) സ്ഥിരം ജഡ്ജിമാരായി വരുന്ന ചിലരുടെ പേരിൽ ആരോപണം ഉന്നയിക്കപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) സംസ്ഥാന കലോൽസവത്തിൽ ഒരിനത്തിൽ തുടർച്ചയായി രണ്ട് വർഷത്തിൽ കൂടുതൽ വിധികർത്താക്കളായി നിയമിക്കാറില്ല. ആരോപണ വിധേയരായ വിധികർത്താക്കളെ ബ്ളാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്താറുണ്ട്. |
| (ഡി) വിദ്യാഭ്യാസ വകുപ്പിലേയും ഡി.പി.ഐ.യിലേയും ചില ഉദ്യോഗസ്ഥർ ജഡ്ജി നിയമനത്തിൽ അനധികൃതമായി ഇടപെടുന്നു എന്ന രീതിയിലുള്ള വാർത്തകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) വിദ്യാഭ്യാസ വകുപ്പിലേയും ഡി.പി.ഐ.യിലേയും ചില ഉദ്യോഗസ്ഥർ ജഡ്ജി നിയമനത്തിൽ അനധികൃതമായി ഇടപെടുന്നു എന്ന രീതിയിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) തുടർച്ചയായി ജഡ്ജിമാരായി വരുന്നവരെ ഒഴിവാക്കി ഓരോ മേഖലയിലെയും പരിചയ സമ്പന്നരെ നിയമിച്ച് ആക്ഷേപങ്ങൾ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ഇ) സംസ്ഥാന കലോൽസവത്തിൽ ഒരിനത്തിൽ തുടർച്ചയായി രണ്ട് വർഷത്തിൽ കൂടുതൽ വിധികർത്താക്കളായി നിയമിക്കാതെയും ആരോപണ വിധേയരായ വിധികർത്താക്കളെ പാനലിൽ നിന്നും ഒഴിവാക്കിയും, ആക്ഷേപങ്ങൾ ഒഴിവാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ